പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2738 28-10-2026-ൽ മറുപടിയ്ക്ക്

കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കോസ്റ്റ് കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

മറുപടി: കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തന ചെലവ് (O&M Cost) ഗണ്യമായി കുറയ്ക്കുന്നതിനായി നിരവധി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിൽ ഗണ്യമായ പങ്കുവഹിക്കുന്ന വൈദ്യുതി ചെലവ് ലഘൂകരിക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കപ്പാസിറ്ററുകൾ സ്ഥാപിച്ച് പവർ ഫാക്ടർ പെനാൽറ്റി ഒഴിവാക്കുകയും ഇലക്ട്രോ-മെക്കാനിക്കൽ യൂണിറ്റുകൾ മുഖേന പീരിയോഡിക്കൽ ഇൻസ്പെക്ഷൻ, എനർജി ഓഡിറ്റിംഗ് എന്നിവ നടത്തി തിരുത്തൽ നടപടികൾ സ്വീകരിച്ച് വരുന്നു. ഉയർന്ന വൈദ്യുതി താരിഫിന് പകരം കുറഞ്ഞ വ്യാവസായിക നിരക്ക് അനുവദിക്കണമെന്ന് വാട്ടർ അതോറിറ്റി ബന്ധപ്പെട്ട ഏജൻസിയോട് അഭ്യർഥിച്ചിട്ടുണ്ട്. കൂടാതെ O&M ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ഊർജക്ഷമതയുള്ള പമ്പുകളും യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ അമൃത്, സ്റ്റേറ്റ് പ്ലാൻ, ജൽ ജീവൻ മിഷൻ, ഡെപ്പോസിറ്റ് തുടങ്ങി വിവിധങ്ങളായ പദ്ധതികളിലൂടെ ഫണ്ട് ലഭ്യതക്കനുസരിച്ച് കാലപ്പഴക്കം ചെന്നതും നിരന്തരം ചോർച്ചയുണ്ടാകുന്നതുമായ പൈപ്പുകൾ, പമ്പുകൾ, മോട്ടോറുകൾ എന്നിവ ഘട്ടംഘട്ടമായി മാറ്റിസ്ഥാപിക്കുന്നുണ്ട്. ഇതുവഴി പ്രവർത്തനച്ചെലവ് നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

കൂടാതെ, പൈപ്പ് ലൈനുകളിലെ ചോർച്ചയും ജലനഷ്ടവും അക്കോസ്റ്റിക് ലീക് ഡിറ്റക്ഷൻ സംവിധാനങ്ങൾ പോലെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ

പ്രയോജനപ്പെടുത്തി സമയബന്ധിതമായി കണ്ടെത്തി പരിഹരിക്കുന്നതിലൂടെ അനാവശ്യമായ ജലനഷ്ടവും അതുവഴിയുള്ള പ്രവർത്തനച്ചെലവും നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളിലെ പമ്പ്, മോട്ടോർ എന്നിവ പ്രവർത്തന രഹിതമാകുമ്പോൾ അറ്റകുറ്റപ്പണി നടത്തുന്നതിന് നിലവിൽ സ്വീകരിച്ചു പോരുന്ന നടപടിക്രമം വിശദമാക്കുമോ; ഇതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പമ്പ് ഹൗസുകളിലെ പമ്പുകൾ, മോട്ടോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ അംഗീകൃത കരാറുകാർ മുഖേനയോ ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ മുഖേനയോ നിർവഹിച്ചുവരുന്നു. ജല വിതരണത്തിലെ തടസ്സങ്ങൾ പരമാവധി വേഗത്തിൽ പരിഹരിക്കുവാനായി പമ്പ് സെറ്റുകളുടെ അറ്റകുറ്റപണികൾ കാലതാമസം കൂടാതെ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായി ഇലക്ട്രോ മെക്കാനിക് യൂണിറ്റുകൾ നിലവിൽ എവിടെയെല്ലാമാണുള്ളത്; ഇത് എല്ലാ ഡിവിഷനിലും ആരംഭിക്കുന്നത് ലാഭകരമാണോ; എങ്കിൽ ഇത് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

മറുപടി: കേരള വാട്ടർ അതോറിറ്റിയിൽ വിവിധ സർക്കിൾ ഓഫീസ് തലത്തിലും വിവിധ ഡിവിഷനുകൾക്ക് കീഴിലും ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത യൂണിറ്റുകളെ താഴെ പറയുന്ന പ്രധാന കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്:

- പ്രധാന ജലശുദ്ധീകരണശാലകളുടെയും സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും യന്ത്രസാമഗ്രികളുടെ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ
- അത്യാവശ്യ ഘട്ടങ്ങളിൽ അടിയന്തിര അറ്റകുറ്റപണികൾക്ക് ആവശ്യമായ സഹായം/സർവ്വീസ് ലഭ്യമാക്കുക.
- ആനുവൽ എനർജി ഓഡിറ്റിങ്ങിനാവശ്യമായ പിന്തുണ നല്കുക.
- പുതിയ പ്രവർത്തികളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക.
- പ്രിവന്റീവ് മെയിൻറനൻസ് ഷെഡ്യൂൾ തയ്യാറാക്കുക.

നിലവിൽ താഴെ പറയുന്ന ഡിവിഷനുകളിൽ ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ സജീവമാണ്:

- തിരുവനന്തപുരം സർക്കിളിനു കീഴിൽ അരുവിക്കര, ആറ്റിങ്ങൽ, നെയ്യാറ്റിൻകര എന്നീ ഡിവിഷനുകളിൽ
- കൊല്ലം സർക്കിളിലെ കൊല്ലം ഡിവിഷനു കീഴിൽ ശാസ്താംകോട്ട സബ്ഡിവിഷനിൽ
- ആലപ്പുഴ സർക്കിളിലെ ആലപ്പുഴ ഡിവിഷനിൽ
- കൊച്ചി സർക്കിളിനു കീഴിൽ ആലുവ ഡിവിഷനിൽ
- തൃശ്ശൂർ സർക്കിളിലെ തൃശ്ശൂർ ഡിവിഷനു കീഴിൽ വടക്കാഞ്ചേരി സബ് ഡിവിഷനിൽ, ഇരിങ്ങാലക്കുട ഡിവിഷനിൽ
- കണ്ണൂർ സർക്കിളിനു കീഴിൽ കണ്ണൂർ, തളിപ്പറമ്പ, കാസർഗോഡ് എന്നീ ഡിവിഷനുകളിൽ
- കോഴിക്കോട് സർക്കിളിനു കീഴിൽ കോഴിക്കോട്, സുൽത്താൻ ബത്തേരി, വടകര എന്നീ ഡിവിഷനുകളിൽ

ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചെലവുകൾ കുറയ്ക്കുന്നതിന് കാരണമാകുന്നു.

(ഡി) പ്രസ്തുത യൂണിറ്റ് ആരംഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ വാഹനം, വിദഗ്ധ തൊഴിലാളികൾ, മെറ്റീരിയൽസ് എന്നിവയ്ക്ക് തുക എങ്ങനെയാണ് കണ്ടെത്തുന്നത് എന്നറിയിക്കാമോ?

മറുപടി: ജല അതോറിറ്റിയിൽ നിലവിൽ ജോലിചെയ്യുന്ന ഓപ്പറേറ്റർ വിഭാഗത്തിലെയും, മറ്റുവിഭാഗങ്ങളിലെ യോഗ്യതയുള്ള ജീവനക്കാരെയും ഉൾപെടുത്തിയാണ് ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളത്. ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ യൂണിറ്റിനു ആവശ്യമായ ഗതാഗത സംവിധാനവും മറ്റ് അവശ്യ വസ്തുക്കളും ലഭ്യമാക്കുന്നതാണ്. ഇത്തരം ചെലവുകൾ ജല അതോറിറ്റിയുടെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തിവരുന്നു.

സെക്ഷൻ ഓഫീസർ